The Kerala University Laws (Second amendment) Bill, 1979 was finally passed.

(iii) 1979-ലെ കേരള വ്യവസായസ്ഥാപനങ്ങൾ (ദേശീയവും ഉൽസവം സംബന്ധിച്ചവയുമായ ഒഴിവുദിവസങ്ങൾ) ഭേദഗതി ബിൽ

Minister for Labour and Housing (**Sri M. K. Raghavan**): Sir, I introduce the Kerala Industrial Establishments (National and Festival Holidays) Amendment Bill, 1979.

Mr. Speaker: The Bill stands introduced.

Sri M. K. Raghavan: Sir I move that the Bill may be taken into consideration.

Minister for Finance (**Sri S. Varadarajan Nair**): Sir, I second it.

തൊഴിലും വേനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, ഈ ബില്ല് ഒരു ചെറിയ ക്ലാരിഫിക്കേഷനെ ഉദ്ദേശിച്ചു മാത്രമുള്ള ബില്ലാണ്. കേരളാ ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെൻറ് (നാഷണൽ ആൻറ് ഫെസ്റ്റിവൽ ഹോളിഡെയ്സ്) അമൻറുമെൻറ് ബില്ലിൽ പറയുന്നത് In sub-clause (3) of section 5 of the Kerala Industrial Establishments (National and Festival Holidays) Act, 1958 (47 of 1958) in clause (i), for the words "the month" the words "the thirty working days" shall be substituted. അതാണ് ഇതിൻെറ സംക്ഷിപ്തമായ സാരം. പീസ് റേറ്റ്സ് വർക്കേഴ്സ് ഹോളിഡേയ്സിൽ പേമെൻറ് ആവശ്യപ്പെടുമ്പോൾ തലേ മാസത്തെ ശമ്പളത്തിൻെറ ശരാശരി ഒരു ദിവസത്തെകൂലി കൊടുക്കണമെന്ന വ്യവസ്ഥയാണ് ഇപ്പോൾ വച്ചിരിക്കുന്നത്. അങ്ങനെ പറയുമ്പോൾ തലേ മാസത്തിൽ പണി ദിവസം ഇല്ലാതെപോയാൽ കൂലി കൊടുക്കണ്ടെന്ന വ്യാഖ്യാനം ചില തൊഴിലുടമകളും നടത്താറുണ്ട്. ആ ദുർവ്യാഖ്യാനത്തിനിടവരുത്താത്ത വിധത്തിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിൻെറ ഇൻറൻഷൻ മുപ്പത് പണി ദിവസത്തിൻെറ ശരാശരി ഒരു ദിവസത്തെ കൂലിയെന്നുള്ളതാണ്. അതിനാണ് ഈ ഭേദഗതി കൊണ്ടു വന്നിരിക്കുന്നത്. ചില തൊഴിലുടമകളും തർക്കമുണ്ടാക്കി. അതുമൂലം സങ്കീർണ്ണമായ തൊഴിൽത്തർക്കമുണ്ടായി. അതുകൊണ്ടാണ് അങ്ങനെയൊരു തർക്കത്തിനും സംശയത്തിനും ഇട വരുത്താത്തവിധത്തിൽ മുപ്പത് വർക്കിങ്ങ്ഡേയ്സ് എന്നു തന്നെ കൊണ്ടു വന്നിട്ടുള്ളത്. വളരെ സിംപിളായിട്ടുള്ള ഭേദഗതിയാണ്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മുപ്പത് ദിവസം പണിയില്ലാത്ത വ്യവസായം ഈ രാജ്യത്ത് വന്നാൽ കുറേക്കൂടി ബുദ്ധിമുട്ടുണ്ടാവുകയില്ലേയെന്ന സംശയമുണ്ട്. കശുഅണ്ടി വ്യവസായത്തിൽ മുപ്പതുദിവസം ജോലിയില്ലാതെ വരും. ജോലിയില്ലാതെ വന്നാൽ മുപ്പത് ദിവസത്തെ ആവറേജ് എങ്ങനെയാണ് എടുക്കുന്നത്. ഒരു ദിവസത്തെ എടുത്തിട്ട് മുപ്പത് ദിവസത്തെ പെരുക്കിയെടുത്താലേ പറ്റുകയുള്ളൂ. അല്ലെങ്കിൽ പ്രാക്ടിക്കലായിട്ട് നടത്താനൊക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: അത് എക്സംപ്ഷണലായിട്ട് വരുന്ന കാര്യമാണ്. ഒരു വർഷത്തിൽ മുപ്പത്തു ദിവസം ഉണ്ടാകുമെന്നുള്ള നിഗമനത്തിലാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. അഥവാ അങ്ങനെ ഇല്ലാതെ വന്നാൽ അതിന്റെ സ്പിരിറ്റ് ഉണ്ടല്ലോ. ഒരു ഹോളിഡേ വേജസ് എന്തായിരിക്കണമെന്ന് കണക്കാക്കുന്നത് അതിനുമുമ്പുള്ള മുപ്പത്തു ദിവസത്തെ ശരാശരി വേജസ് എന്താണെന്നുള്ളതുകൊണ്ടാണ്. മുപ്പത്തു ദിവസത്തെ പണിയുള്ള ദിവസം എടുത്തിട്ട് മുപ്പതിന്റെ ഒരു ഓഹരിയായിട്ട് കണക്കാക്കുമ്പോൾ ഒരു ദിവസത്തെ വേജസായിട്ട് കണക്കാക്കി അത് ഹോളീഡേ വേജസായിട്ട് കൊടുക്കണമെന്ന് മാത്രമാണ് ഉദ്ദേശം. മുപ്പത്തു ദിവസം തികയാതെ വന്നാൽ കുറഞ്ഞ തോതു വച്ച് കണക്കാക്കണം. 29 ദിവസമാണെങ്കിൽ 29-ന്റെ ഒരു ഓഹരിയായിട്ട് മാറുമെന്നല്ലാതെ വേറെ ബുദ്ധിമുട്ടൊന്നും ഉണ്ടാകുന്നില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. മൂലനിയമത്തിലെ ഒരു വസ്തുതയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. ഒർജിനൽ ആക്ടിൽ സെക്ഷൻ 3 ആൻറ് 4-ൽ പറയുന്നത് ഏഴ് നാഷണൽ ഹോളിഡേയ്സ് കൊടുക്കാമെന്നാണ്. ജാനുവരി 26, ആഗസ്റ്റ് 15, മേയ് 1 എന്നീ ദിവസങ്ങളും ഹോളിഡേയായി പ്രഖ്യാപിക്കുമെന്നും ബാക്കി നാല് ദിവസങ്ങളും ഇൻസ്പെക്ടർ ഇവരുമായി ആലോചിച്ച് വർഷത്തിന്റെ ആദ്യം In the prescribed manner നോട്ടീസ് ബോർഡിൽ വയ്ക്കുമെന്നുമാണ് പറഞ്ഞിട്ടുള്ളത്. വിഷു, ഓണം, ക്രിസ്തുമസ് എന്നിവ കഴിഞ്ഞാൽ മറ്റൊരു ഹോളിഡേയായിട്ട് വരുന്നത് റംസാൻ എന്ന പേരിൽ അറിയപ്പെടുന്ന ഈദ് ഉൽ ഫിതർ ആണ്. ചെറിയ പെരുന്നാൾ ദിവസം മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം ചന്ദ്രോദയത്തെ ആശ്രയിച്ച് നിൽക്കുന്ന ദിവസമാണ്. വർഷത്തിന്റെ ആരംഭത്തിൽതന്നെ ഒരു നിശ്ചിത ദിവസം തീരുമാനിക്കുകയും നോട്ടീസ് ബോർഡിൽ അത് സ്ഫെസിഫൈ ചെയ്യുകയും ചെയ്താൽ പലപ്പോഴും പെരുന്നാൾ ദിവസം അന്ന് ആയിരിക്കാനിടയില്ല. മറ്റൊരു ദിവസമാണ് ആകുന്നത്. ആദ്യം തന്നെ ഡേറ്റ് സ്പെസിഫൈ ചെയ്ത് നോട്ടീസ്ബോർഡിലിടുകയും മറ്റൊരു ദിവസം പെരുന്നാൾ ആഘോഷിക്കേണ്ടി വരികയും ചെയ്യുമ്പോൾ മുസ്ലീം സമുദായത്തിൽപ്പെട്ട തൊഴിലാളികൾ ആ ദിവസം ലീവെടുക്കാൻ നിർബന്ധിതരാകും. മറ്റൊരു ദിവസം ലീവെടുക്കുകയാണെങ്കിൽ ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതു പരിഗണിച്ചുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ആർഡർ മുഖേന ആ ദിവസം സ്പെസിഫൈ ചെയ്യുമ്പോൾ മുൻകൂട്ടിത്തന്നെ പറയാതിരിക്കാനുള്ള ഒരു ആർഡർ ഗവൺമെൻറിൽനിന്ന് ഇൻസ്പെക്ടർക്ക് ഇഷ്യൂ ചെയ്യുകയാണെങ്കിൽ നന്നായിരിക്കും. ഈ ഭേദഗതിയെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഫെസ്റ്റിവിൽ ഹോളീഡേയ്സ് കൊടുക്കുമ്പോൾ തൊഴിലുടമകൾ ചെയ്യാറുള്ളത് അതിനുമുമ്പത്തെ ഒരു മാസം ജോലിയില്ലെങ്കിൽ ഫെസ്റ്റിവൽഹോളിഡേയ്സ് വേതനം കൊടുക്കാതിരിക്കുന്ന സ്ഥിതി ഉണ്ട്. പ്രത്യേകിച്ചും കശുഅണ്ടി വ്യവസായത്തെയാണ് അത് ബാധിച്ചത്. അത് മാറ്റുന്നതിനു വേണ്ടിയാണ് ഈ നിയമം കൊണ്ടു വന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആഗസ്റ്റ് 15 എന്ന് പറയുന്ന നാഷണൽ ഹോളിഡേയുടെ തലേമാസം ജോലിയില്ലെങ്കിൽ ആഗസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

15-ന്റെ പണം കൊടുക്കേണ്ടയെന്നുള്ള ഒരു സ്ഥിതിയുണ്ടായി. ലേബർ കമ്മീഷ്ണർ അതു സംബന്ധിച്ച് അവർക്കനുകൂലമായ ഒരു ക്വാറിഫി ക്കേഷൻ ഇഷ്യു ചെയ്തു. തലേമാസം ജോലി ഉണ്ടെങ്കിലും ഇല്ലെങ്കിലും അതിനുമുമ്പുള്ള മുപ്പത് ദിവസത്തെ ജോലിയുടെ ആവറേജ് എടുത്ത് കൂലി കൊടുക്കണമെന്ന് പറഞ്ഞാൽ ജോലിയില്ലാത്ത തൊഴിലാളിയ്ക്കും അത് കിട്ടുമെന്നുള്ളതാണ് മൂലനിയമത്തിൽ വ്യത്യാസം വരുത്തി ക്കൊണ്ടുള്ള ഈ നിയമത്തിന്റെ ഫലമായി ഉണ്ടായിരിക്കുന്നത്. തൊഴി ലാളി സംഘടനകളും ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ഐ. ആർ. സി. ഐകകണ്ഠ്യേന ആവശ്യപ്പെടുകയുമൊക്കെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊണ്ടു വന്ന നിയമമാണ്. ഈ നിയമം കൊണ്ടു വന്നതിന് ഞാൻ ഗവൺമെന്റിനെ അനുമോദിക്കുന്നു. കൊല്ലം ജില്ലയിലെ ഏതാണ്ട് ഒന്നര ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്കാണ് ഈ നിയമം അനുകൂലമായി വരാൻ പോകുന്നത്. നാല്പതു ദിവസമോ മുപ്പതു ദിവസമോ ജോലി ലഭിക്കുന്ന ഈ രാജ്യത്തെ കശുഅണ്ടിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ ആനുകൂല്യം നിർബന്ധിച്ച് വാങ്ങിക്കുന്നത് അല്ലാതെ തൊഴിലുടമകൾ ഈ ആനുകൂല്യം കൊടുക്കുന്നതിന് തയ്യാറാവുക യില്ല. ഈ നിയമം മൂലം ആ ബുദ്ധിമുട്ട് മാറിയിരിക്കുന്നു. അവർക്കു വേണ്ടിയാണ് ഈ നിയമം ഉപയോഗപ്പെടുന്നത്. മറ്റൊരു മേഖലയിലും ഇങ്ങനെയൊരു സ്ഥിതി വരുന്നില്ല. ഫെസ്റ്റിവൽ ഹോളിഡേയ്സിനും നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സിനും മുമ്പുള്ള ഒരു മാസം ജോലി യില്ലെങ്കിൽകൂടിയും തൊഴിലാളിയ്ക്ക് ഈ വേജസ് കിട്ടുമെന്നുള്ള നില വന്നിട്ടുണ്ട്. ഈ നിയമത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഞാൻ ഈ നിയമത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ശ്രീമാൻ ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ നമ്മുടെ കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്നലെ വരെ നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡെയ്സ് ആക്ട് അനു സരിച്ചുള്ള ആനുകൂല്യം വെറും കെട്ടിലെ പശുവിനെപ്പോലെ ആയിരുന്നു. അവർക്ക് പലപ്പോഴും ഈ ആനുകൂല്യങ്ങൾ കിട്ടിയിരുന്നില്ല. എന്നു മാത്രമല്ല പലപ്പോഴും അവർക്ക് കിട്ടിയിരുന്ന തൊഴിൽ സൗകര്യങ്ങൾ പോലും നിഷേധിക്കാനും ഈ ആക്ട് ഉപകരിച്ചിട്ടുണ്ട്. ജാനുവരി 26-ാം തീയതിയിലെ ആനുകൂല്യം തൊഴിലാളികൾക്ക് കൊടുക്കണമെന്നു ള്ളതുകൊണ്ട് ജാനുവരി മാസത്തിൽ അതിനു മുമ്പുള്ള നാലോ അഞ്ചോ ദിവസം ജോലിക്ക് സാദ്ധ്യത ഉണ്ടായാൽപോലും ജോലി കൊടുക്കാതെ തൊഴിൽശാലകൾ അടച്ചിടുന്ന സംപ്രദായംവരെ കശുവണ്ടി മേഖലയി ലുണ്ട്. ഈ നിയമംമൂലം അതിൽ കാര്യമായ ഒരു മാറ്റം വക്കുന്നു. കശുവണ്ടി വ്യവസായത്തിൽ മാത്രമല്ല നമ്മുടെ പരമ്പരാഗതങ്ങളായ വ്യവസായങ്ങളിൽ തൊഴിൽ ദിവസങ്ങളുടെ എണ്ണം കുറയുന്ന വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പൊതുവായി ഈ ആനുകൂല്യം ലഭിക്കുന്നതാണ് ഈ നിയമം.

സർ, എനിക്കിപ്പോഴും ഒരു സംശയം ശേഷിക്കുന്നത് ഈ നാഷണൽ ഹോളിഡെ എന്നു പറയുന്ന മൂന്നു ദിവസങ്ങൾ—അത് ജനുവരി 26, ആഗസ്റ്റ് 15, മേയ് 1 എന്നീ കൃത്യമായി സ്പെസിഫൈ ചെയ്ത് ദിവസങ്ങൾ—ആ നാഷണൽ ഫെസ്റ്റിവൽ ദിവസങ്ങളിലെ കൂലി തീർച്ച യായും ഒരു തൊഴിലാളിക്ക് കിട്ടുമെന്ന് എന്തുകൊണ്ട് നമുക്കു ഉറപ്പു പറയാൻ കഴിയുന്നില്ല. അങ്ങനെയൊരു ഭേദഗതി എന്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആയിക്കൂടാ എന്ന് ആലോചിക്കേണ്ടതല്ലേ. ആണ്ടിൽ മൂന്നു ദിവസങ്ങളും ഇന്നയിന്ന ദിവസങ്ങളാണ് നാഷണൽ ഹോളിഡെയ്സ് എന്ന് കൃത്യമായി പ്രഖ്യാപിച്ചാൽ ആ ദിവസങ്ങളിലെ ശമ്പളം തൊഴിലാളികൾക്ക് മറ്റു ആനുകൂല്യങ്ങളും പോലെതന്നെ, ലീവ് വേജസ് എന്നോ അല്ലെങ്കിൽ ബോണസ് എന്നോ പറയുന്ന മറ്റു ആനുകൂല്യങ്ങളും പോലെതന്നെ ഇതിനും ആ രീതിയിൽതന്നെ കൃത്യമായ ഒരു ഉറപ്പു ഈ നിയമംവഴി ഏറെക്കുറെ സാധിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെ ഉണ്ടാകുന്നു എന്ന രീതിയിൽ, ഈ നിയമത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. ഈ കാര്യങ്ങളിൽ ഈ നിയമം അവതരിപ്പിക്കാൻ തയ്യാറായ ലേബർ മന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു.

The question that the Kerala Industrial Establishments (National and Festival Holidays) Amendment Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill, was put and carried.

Clauses 2 and 3 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I move that the Bill may be finally passed.

Minister for Finance **(Sri S. Varadarajan Nair):** Sir, I second it.

The question that the Kerala Industrial Establishments (National and Festival Holidays) Amendment Bill, 1979 be finally passed, was put and carried.

The Bill was finally passed.

(iv) 1979-ലെ കേരളാ പോലീസ് (ഭേദഗതി) ബിൽ

Minister for Finance **(Sri S. Varadarajan Nair):** Sir, I introduce the Kerala Police (Amendment) Bill, 1979.

Mr. Deputy Speaker: The Bill stands introduced.

Minister for Finance **Sri S. Varadarajan Nair:** Sir, I move that the Bill may be taken into consideration.

Minister for Works and Sports **(Sri K. Pankajakshan):** Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly